ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് റിസർച്ച് സെന്റർ, തിരുവല്ല, മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ എന്നീ മെഡിക്കൽ കോളേജുകളിൽ 2003-04 അദ്ധ്യയന വർഷത്തേയ്ക്ക് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാവൂ എന്ന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുണ്ട്.

(എഫ്) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽനിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വിട്ടുകൊടുത്തിട്ടില്ല.

മാതാ അമൃതാനന്ദമയി മെഡിക്കൽ കോളേജ്

141 (1610) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :.
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ). കൊച്ചിയിലുള്ള മാതാ അമൃതാനന്ദമയി മെഡിക്കൽ കോളേജുകളിൽ എത്ര സീറ്റാണ് നിലവിലുള്ളത് ;

(ബി) പ്രസ്തുത സീറ്റുകളിൽ ഗവൺമെന്റ് നിർദ്ദേശിക്കുന്ന എത്രപേർക്ക് അഡ്മിഷൻ ലഭിക്കുവാൻ കഴിയും ;

(സി) പ്രസ്തുത മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഗവൺമെന്റ് നിർദ്ദേശിക്കുന്നവർക്ക് അഡ്മിഷൻ കിട്ടുകയില്ലെങ്കിൽ ആയതിനുള്ള കാരണങ്ങൾ എന്തെല്ലാം ;

(ഡി) പ്രസ്തുത കോളേജ് ഒരു ഡീംഡ് യൂണിവേഴ്സിറ്റി ആയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇതിനുള്ള നിയമനിർമ്മാണം നടത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 100 സീറ്റുകൾ.

(ബി)&(സി) മാതാ അമൃതാനന്ദമയി മെഡിക്കൽ കോളേജിൽ കഴിഞ്ഞ അധ്യയന വർഷം സ്റ്റേറ്റ് മെറിറ്റ് ലിസ്റ്റിൽനിന്ന് 70 പേർക്ക് പ്രവേശനം നൽകിയിട്ടുണ്ട്. എന്നാൽ ഈ വർഷം മുതൽ പ്രസ്തുത സ്ഥാപനത്തെ കേന്ദ്ര ഗവൺമെന്റ് ഡീംഡ് യൂണിവേഴ്സിറ്റി ആയി ഉയർത്തിയിരിക്കുകയാണ്. ഡീംഡ് യൂണിവേഴ്സിറ്റികളിൽ അഡ്മിഷൻ നടത്തുന്നതിന് പൊതുപ്രവേശന പരീക്ഷ നടത്തുവാനുള്ള അധികാരിയെ നിശ്ചയിക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരുകൾക്ക് നൽകിക്കൊണ്ടുള്ള കേന്ദ്ര ആരോഗ്യവകുപ്പിന്റെ മാർഗ്ഗ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ ഇക്കാര്യം പരിശോധിച്ചുവരികയാണ്.

(ഡി)&(ഇ) ഉണ്ട്. 13-1-2003-ലെ ഇന്ത്യാ ഗവൺമെന്റിന്റെ കത്ത് പ്രകാരം അമൃതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന് 'ഡീംഡ് യൂണിവേഴ്സിറ്റി' പദവി ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly